"ഭരണഭാഷ- മാതൃഭാഷ"

കേരളം സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണവകുപ്പ് - ജീവനകാര്യം-കോഴിക്കോട് ജില്ല- വേളം ഗ്രാമ പഞ്ചായത്ത് ഓഫീസ് - തെറ്റായ ഹെഡ് ഓഫ് അക്കൗണ്ടിൽ അടവാക്കിയ തുക - റീഫണ്ട് ചെയത് - ജീവനക്കാരന്റെ അനന്തരാവകാശിക്ക് / നോമിനിക്ക് **(Nominee)** ലഭ്യമാക്കുന്നതിന് ബന്ധപ്പെട്ട ഡി.ഡി.ഒ-യെ ചുമതലപ്പെടുത്തി ഉത്തരവാകുന്നു.

തദ്ദേശസ്വയംഭരണ(ഇപിഎ) വകുപ്പ്

സ.ഉ.(സാധാ) നം.**2135/2026/LSGD** തീയതി,തിരുവനന്തപുരം, **09-11-2026**

പരാമർശം:- 1. **07/10/2021**-ലെ സ.ഉ.(അ) നം. **135/2021**/ധന.

2. തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ **02.06.2026** ലെ **LSGD/PD/9943/2025-PENB3** നമ്പർ കത്ത്.

ഉത്തരവ്

കോഴിക്കോട് ജില്ലയിലെ വേളം ഗ്രാമ പഞ്ചായത്ത് കാര്യാലയത്തിൽ ക്ലാർക്ക് തസ്തികയിൽ സേവനത്തിലിരിക്കെ **15/08/2020** തീയതിയിൽ മരണപ്പെട്ട ശ്രീജിത്ത് സി.എം എന്നവരുടെ അക്കൗണ്ടിലേക്ക് അടവാക്കാനുള്ള തുകയുടെ ഡീറ്റെയിൽസ് പരിശോധിച്ചതിൽ നിന്നും ടിയാളുടെ **2017** ഒക്ടോബർ **(1839/-**രൂപ **),2017** നവംബർ **(2280/-** രൂപ**)** എന്നീ മാസങ്ങളിലെ എൻ. പി.എസ്സ് വിഹിതം സ്റ്റാറ്റ്യൂട്ടറി പെൻഷൻ ബാധകമായുള്ള ജീവനക്കാരുടെ പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കുന്ന **0071-01-101-97-00-00-00- N-V** എന്ന ഹെഡ് ഓഫ് അക്കൗണ്ടിലേക്ക് തെറ്റായി എന്ന അടവാക്കിയിട്ടുള്ളതാണെന്നും ആയത് തിരികെ ലഭ്യമാക്കി ജീവനക്കാരന്റെ അവകാശിക്ക് നൽകന്നതിന് അനുമതി ലഭ്യമാക്കണമെന്നും തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം **(2)** പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം **(1)**ലെ **2, 3** വ്യവസ്ഥകൾ പ്രകാരം, **NPS** അംഗമായിരുന്ന ഒരു ജീവനക്കാരന്റെ **PRAN** അക്കൗണ്ട് ഏതെങ്കിലും കാരണവശാൽ ക്ലോസ് ചെയ്യപ്പെട്ട ശേഷം, അദ്ദേഹം

സേവനമനുഷ്ഠിച്ച കാലയളവിലെ അടിസ്ഥാന ശമ്പളത്തിലോ ക്ഷാമബത്തയിലോ കുടിശ്ശികയുണ്ടെങ്കിൽ, പ്രസ്തുത തുകയിൽ നിന്നും ജീവനക്കാരന്റെ **NPS** വിഹിതം ഈടാക്കേണ്ടതില്ല. എന്നിരുന്നാലും, ആ കുടിശ്ശിക തുകയ്ക്ക് ആനുപാതികമായ സർക്കാർ വിഹിതം **(Government Contribution)** ജീവനക്കാരന് / അനന്തരാവകാശിക്ക് അനുവദിച്ച് അദ്ദേഹത്തിന്റെ/ അവകാശിയുടെ ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിക്കുന്നതിന് നിയമപരമായ തടസ്സമില്ല എന്നും വ്യക്തമാക്കിയിട്ടുണ്ട്.

3. മേൽ സാഹചര്യത്തിൽ, **0071-01-101-97-00-00-00-V** എന്ന ശീർഷകത്തിൽ ഒട്ടുക്കിയിട്ടുള്ള തുക, പ്രസ്തുത ശീർഷകത്തിൽ നിന്നു തന്നെ റീഫണ്ട് ചെയ്യുന്നതിന് അനുമതി നൽകിയും, റീഫണ്ട് ചെയ്ത് നൽകുന്നതിനായും ട്രഷറിയിൽ നിന്നും റീഫണ്ട് ബിൽ മുഖേന തിരികെ എടുക്കുന്ന ജീവനക്കാരന്റെ എൻ.പി.എസ്. വിഹിതവും, പ്രസ്തുത തുകയ്ക്ക് ആനുപാതികമായ സർക്കാർ/തൊഴിലുടമ വിഹിതവും ചേർത്ത്, പരാമർശം(1)ലെ വ്യവസ്ഥകൾക്ക് വിധേയമായി ജീവനക്കാരന്റെ അനന്തരാവകാശിക്ക് / നോമിനിക്ക് **(Nominee)** ലഭ്യമാക്കുന്നതിന് ബന്ധപ്പെട്ട ഡി.ഡി.ഒ -യെ ചുമതലപ്പെടുത്തിയും ഉത്തരവാകുന്നു.

4. റീഫണ്ട് അനുമതി ഉത്തരവിന്റെയും നിയോഗിക്കപ്പെട്ട ഡി.ഡി.ഒ.-യുടെയും വിവരങ്ങൾ സഹിതം ട്രഷറി റീഫണ്ട് മാസ്റ്ററിൽ' **(Treasury Refund Master)** അപ്ഡേഷൻ നടത്തുന്നതിനായി ഡി.ഡി.ഒ. ബന്ധപ്പെട്ട ട്രഷറിയെ സമീപിക്കേണ്ടതാണ്. മാസ്റ്റർ അപ്ഡേഷന് ശേഷം ബിംസ് **(BiMS)** ആപ്ലിക്കേഷൻ വഴി ബില്ല് പ്രോസസ്സ് ചെയ്ത് റീഫണ്ട് തുക മാറുന്നതിനുള്ള നടപടികൾ ചുമതലപ്പെടുത്തപ്പെട്ട ഡി.ഡി.ഒ -യ്ക്ക് സ്വീകരിക്കാവുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

JASMI O P

ഡെപ്യൂട്ടി സെക്രട്ടറി

1.പ്രിൻസിപ്പൽ ഡയറക്ടർ , തദ്ദേശസ്വയംഭരണവകുപ്പ്,തിരുവനന്തപുരം

2.പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ&ഇ/ആഡിറ്റ്)കേരള.തിരുവനന്തപുരം/തൃശ്ശൂർ

3.ജോയിന്റ് ഡയറക്ടർ,തദ്ദേശസ്വയംഭരണവകുപ്പ് , കോഴിക്കോട്

(തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)

4.സെക്രട്ടറി,വേളം ഗ്രാമപഞ്ചായത്ത് (തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ

ഡയറക്ടർ മുഖേന)

5.ധനകാര്യ വകുപ്പ് (24.10.2026ലെ e-3585508/ഡെവ-3/191/2026-ധന നമ്പർ യു ഒ റിമാർക്സ് പ്രകാരം)

6.ഡയറക്ടർ . ഐ കെ എം

7.ഇൻഫർമേഷൻസ് & പബ്ലിക് റിലേഷൻസ് വകുപ്പ് (വെബ് & ന്യൂ മീഡിയ ഡിവിഷൻ)

8.കരുതൽ ഫയൽ (ഫയൽ നം.115/ഇപിഎ1/2026-എൽഎസ്ജിഡി

ഉത്തരവിൻ പ്രകാരം
Digitally signed by Noushad. S
Date: 10-11-2026 10:52:33
സെക്ഷൻ ഓഫീസർ